(ഡി) 1-3-2016-ന് നിലവിൽ വരുന്ന ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യഥാർത്ഥ ഒഴിവ് വരുമ്പോൾ പ്രസ്തുത ഒഴിവിൽ നിയമന ശിപാർശ നൽകുന്നതാണ്. പ്രതീക്ഷിത ഒഴിവുകളിൽ നിയമനം നടത്താറില്ല. ഒഴിവുകൾ നിലവിൽ വരുമ്പോൾ പി.എസ്.സി. നിയമന ശിപാർശ നൽകി ബന്ധപ്പെട്ട വകുപ്പുകൾ ടി ഒഴിവുകളിൽ നിയമനം നടത്താറുണ്ട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം

57 (3565) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്ര; പ്രസ്തുത റിപ്പോർട്ട് പി.എസ്.സി.-ക്ക് ലഭിച്ചത് എന്നാണെന്നും ആയതിൽ റൊട്ടേഷൻ പ്രകാരം എത്രയെണ്ണം ലിസ്റ്റ് ബി-യിലുള്ളവർക്ക് അർഹതയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ബഹു. കെ.എ.ടി. വിധി പ്രകാരം പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ റാങ്ക് പട്ടിക പുന:ക്രമീകരിച്ചിരുന്നുവോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റാങ്ക് പട്ടികയിലെ ലിസ്റ്റ്- എ യിൽ നിന്നും നിയമന ശിപാർശ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് പട്ടികയിലെ ലിസ്റ്റ് -എ യിൽ നിന്നും നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; പി.എസ്.സി.-ക്ക് നേരിട്ട് പരിഹരിക്കാവുന്ന പ്രശ്നങ്ങൾക്ക് യഥാസമയം നടപടി ഉണ്ടാകാത്തത് കാരണം നിയമന ശിപാർശകൾ വൈകുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമന ശിപാർശകളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഇ) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം - 8, ഇതിൽ 7 ഒഴിവുകൾ 6-2-2012-ലും ഒരൊഴിവ് 18-1-2015-ലുമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ലിസ്റ്റ് 'ബി' യിലുള്ളവരുടെ അർഹത സംബന്ധിച്ചും മറ്റുവിവരങ്ങളും പി.എസ്.സി.-യിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

GPM. 2/235/2020-17

LIBRARY ARCHIVES Kerala Legislative Assembly